ത്തിന്റെ മുഴുവൻ പുരോഗതിക്കുവേണ്ടിയും ഉപയോഗിക്കുവാനാവശ്യമായ വിവേകവും പക്വതയും യുവജനങ്ങൾക്ക് ഉണ്ടാകുമോ? ഒരു ഇന്ത്യൻ കാസ്ട്രോ ആയിത്തീരാൻ മഹന്തസ്സു കഴിയുമോ?

കാത്തിരുന്നു നമുക്ക് അതു കാണാം.

13 ജനുവരി, 1986

# 53. ഉഡുപ്പി ധർമ്മാചാര്യസമ്മേളനം

ആചാരങ്ങൾ സംബന്ധിച്ചോ അടിസ്ഥാനസിദ്ധാന്തങ്ങൾ സംബന്ധിച്ചോ തങ്ങൾക്കിടയിൽ ഉയർന്നുവരുന്ന അഭിപ്രായവ്യത്യാസങ്ങൾ ചർച്ച ചെയ്ത് സർവ്വസമ്മതങ്ങളായ തീരുമാനങ്ങളിലെത്തുന്നതിനുവേണ്ടി മതനേതാക്കൾ സമ്മേളിക്കുന്ന സമ്പ്രദായം വളരെ പണ്ടുമുതൽ നിലവിലിരുന്നു. ബുദ്ധമതാചാര്യന്മാരുടെ ഇത്തരം സമ്മേളനങ്ങൾ 'സംഗീതികൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. ബുദ്ധന്റെ മഹാപ്രസ്ഥാനത്തിനു ശേഷം, അദ്ദേഹത്തിന്റെ ശിഷ്യപ്രമുഖനും ക്ഷുരകനുമായിരുന്ന ഉപാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആദ്യത്തെ 'സംഗീതി'യാണ് ബുദ്ധോപദേശങ്ങൾ ഇദംപ്രഥമമായി ക്രോഡീകരിച്ചതെന്നു പറയപ്പെടുന്നു. കത്തോലിക്ക സിദ്ധാന്തങ്ങൾ കാലാനുസൃതമായി വ്യാഖ്യാനിക്കുന്നതിനു മാർപ്പാപ്പാമാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സാർവ്വലൗകികസമ്മേളനങ്ങൾ അടുത്തകാലത്തു് നമുക്കു പരിചിതങ്ങളായിട്ടുണ്ട്. മററു മതക്കാർക്കിടയിലും ഇത്തരം നേതൃസമ്മേളനങ്ങൾ ഇടയ്ക്കിടെ നടക്കുക പതിവാണ്.

'വിശ്വഹിന്ദുപരിഷത്ത്' എന്ന സംഘടനയുടെ ആഹ്വാനമനുസരിച്ച് ഹിന്ദുമതാചാര്യന്മാരുടെ ഒരു സമ്മേളനം—'ധർമസംസത്ത്'—ഒന്നരവർഷം മുമ്പ് ദൽഹിയിലെ വിജ്ഞാനഭവനിൽ സമ്മേളിച്ചിരുന്നു. ഇതേ സംഘടന വിളിച്ചുകൂട്ടിയ രണ്ടാമത്തെ 'ധർമസംസത്ത്', ഇക്കഴിഞ്ഞ ഒക്ടോബർ 30, 31, നവംബർ 1 എന്നീ തീയതികളിൽ, മാധ്വമതകേന്ദ്രമായ കർണാടകസംസ്ഥാനത്തിലെ ഉഡുപ്പിയിലുള്ള സുപ്രസിദ്ധമായ ശ്രീകൃഷ്ണക്ഷേത്രത്തിൽ സമ്മേളിക്കുകയുണ്ടായി.

ഹിന്ദുമതത്തിനകത്തുള്ള നൂററഞ്ച് വ്യത്യസ്ത സമ്പ്രദായങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്ന എണ്ണൂററമ്പതു് മതാചാര്യന്മാർ ഈ 'ധർമ്മസംസത്തി'ൽ സന്നിഹിതരായിരുന്നുവത്രേ.

'നാനാത്വത്തിലെ ഏകത്വം' ആണ് ഇന്ത്യയുടെ രാഷ്ട്രീയാദർശം എന്നു പറയാറുണ്ടല്ലോ. 'ഏകത്വത്തിലെ നാനാത്വം' ആണ് ഹിന്ദുമതത്തിന്റെ മുഖമുദ്ര എന്നു പറയുന്നതിൽ തെററില്ല. പരസ്പരവിരുദ്ധങ്ങളായ ആചാരങ്ങൾ അനുഷ്ഠിക്കുകയും വിശ്വാസങ്ങൾ പുലർത്തുകയുംചെയ്യുന്ന എത്രയോ മതസമ്പ്രദായങ്ങൾ ഹിന്ദുമതത്തിനകത്ത് സഹവർത്തിക്കുന്നുണ്ട്. അസംഭവ്യമെന്നു തോന്നാവുന്ന ഈ സഹവർത്തനത്തിന്റെ നീതീകരണം താഴെ ഉദ്ധരിക്കുന്ന സുപ്രസിദ്ധ പദ്യത്തിൽ അടങ്ങിയിരിക്കുന്നു:

ത്രയീ സാംഖ്യം യോഗഃ പശുപതിമതം വൈഷ്ണവമിതി
പ്രഭിന്നേ പ്രസ്ഥാനേ പരമിദ,മദഃ പഥ്യ മിതിച
രുചീനാം വൈചിത്ര്യാ ദൃജുകുടില നാനാപഥ ജുഷാം
നൃണാ മേ കോ ഗമ്യസ്ത്വമസി പയസാ മർണ്ണവ ഇവ.

(വൈദികസമ്പ്രദായം, സാംഖ്യസിദ്ധാന്തം, യോഗദർശനം, ശൈവമതം, വൈഷ്ണവമതം മുതലായി പല പ്രസ്ഥാനങ്ങൾ മതത്തിനകത്ത് സ്ഥിതിചെയ്യുന്നു. ഓരോ മനുഷ്യന്റെയും അഭിരുചി ഓരോ തരത്തിലാണ്. സ്വന്തം അഭിരുചിക്കനുസരിച്ച് മനുഷ്യർ ഋജുവോ വക്രമോ ആയ ഏതെങ്കിലുമൊരു പ്രസ്ഥാനത്തെ ശ്രേഷ്ഠമെന്നും പഥ്യമെന്നും കരുതി തെരഞ്ഞെടുക്കുന്നു. ഭൂമിയിൽ എവിടെ മഴപെയ്താലും വെള്ളം ഒടുവിൽ കടലിലെത്തുന്നതുപോലെ, ഏതു പ്രസ്ഥാനത്തിൽ വിശ്വസിക്കുന്നവരും അവസാനം ഈശ്വരനിൽത്തന്നെ ചെന്നെത്തേണ്ടിയിരിക്കുന്നു.)

ജീവനും ഈശ്വരനും ഒന്നുതന്നെ എന്ന ജ്ഞാനംമാത്രമേ മനുഷ്യനെ മോക്ഷത്തിലേക്കു നയിക്കുകയുള്ളൂ എന്നു സിദ്ധാന്തിക്കുന്ന ശങ്കരാചാര്യർ മതചടങ്ങുകളുടെ അനുഷ്ഠാനത്തിനു വലിയ പ്രാധാന്യമൊന്നും കല്പിച്ചിട്ടില്ല. എങ്കിലും, പ്രതിഫലേച്ഛ കൂടാതെ ഈശ്വരാർപ്പണമായി അനുഷ്ഠിക്കുന്ന കർമ്മങ്ങൾ ചിത്തശുദ്ധിക്കു കാരണമാവുകയും, ശുദ്ധമായ ചിത്തത്തിൽ യഥാർത്ഥജ്ഞാനം ഉദിക്കുകയുംചെയ്യുമെന്നതിനാൽ, അദ്ദേഹവും ആചാരങ്ങളെ തിരസ്കരിക്കുകയുണ്ടായില്ല. ഹിന്ദുമതത്തിനകത്തുള്ള ആചാര നാനാത്വത്തിന്റെയും ഈ നാനാത്വം ഇരിക്കെത്തന്നെ ഹിന്ദുമതത്തിൽ നിലനില്ക്കുന്ന വ്യാപകമായ ഏകത്വത്തിന്റെയും സൈദ്ധാന്തിക സാധൂകരണം ഇതാണ്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന് ശ്രീനാരായണൻ പറഞ്ഞതിന്റെ പൊരുളും മറ്റൊന്നല്ല.

പക്ഷേ, സിദ്ധാന്തം എങ്ങനെ ഇരുന്നാലും, ഹിന്ദുമതത്തിലെ പല വിഭാഗങ്ങൾ തമ്മിൽ കടുത്ത ശത്രുത പുലർത്തിപ്പോന്നതിന് ഉദാഹരണങ്ങൾ വളരെയാണ്. ഈ ശത്രുത പലപ്പോഴും ആയുധം ധരിച്ചുള്ള ഏറ്റുമുട്ടലുകളിലും, പാവനമെന്ന് ഒരു കൂട്ടർ കരുതിപ്പോന്ന സ്ഥാപനങ്ങളെ ഇതരർ കൈയേറി നശിപ്പിക്കുന്നതിലുമൊക്കെ ചെന്നെത്തിയിട്ടുണ്ട്. അതിനാൽ, ആപത്ക്കരമല്ലാത്ത അതിരുവരെ ആചാരങ്ങളിലേയും സിദ്ധാന്തങ്ങളിലേയും വ്യത്യാസങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ, അടിസ്ഥാനപരമായ ഐക്യവും അതിൽനിന്ന് ഉളവാകുന്ന സഹിഷ്ണുതയും ഊന്നിയുറപ്പിക്കാനും, വ്യത്യസ്ത സമ്പ്രദായങ്ങൾ തമ്മിൽ സൃഷ്ടിപരമായ സഹകരണം സാധ്യമാക്കാനുംവേണ്ടി, വിഭിന്ന സമ്പ്രദായങ്ങളിൽപ്പെട്ട ഹിന്ദുമതാചാര്യന്മാർ സമ്മേളിക്കുന്നതു തീർച്ചയായും സ്വാഗതാർഹമാണ്. ഇതേ ലക്ഷ്യത്തോടെ നടത്തുന്ന സർവ്വമതസമ്മേളനങ്ങളും സ്പൃഹണീയങ്ങൾതന്നെ.

സ്ത്രീധനസമ്പ്രദായം, അയിത്തം, അഴിമതി എന്നീ മൂന്നുമാണ് ഹിന്ദുക്കൾക്കിടയിൽ ഇന്ന് നിലനില്ക്കുന്ന ഏറ്റവും വലിയ തിന്മകൾ എന്ന് ഉഡുപ്പി ധർമ്മസംസത്ത് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ തിന്മകൾ അകറ്റുന്നതിനായി, ശക്തിയേറിയ ഒരു ബഹുജനപ്രസ്ഥാനം രാഷ്ട്രവ്യാപകമായി നടത്തുവാൻ ധർമ്മാചാര്യന്മാർ ആഹ്വാനം നൽകിയിരിക്കുന്നു. ഈ ബഹുജനപ്രസ്ഥാനം ഒരു വർഷത്തേക്കു നീണ്ടുനിൽക്കണമെന്നാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്. അടിച്ചമർത്തപ്പെട്ട പിന്നോക്കവർഗ്ഗക്കാരോട്, പ്രത്യേകിച്ച് ഗ്രാമവാസികളോട്, ക്രൂരത കാട്ടുകയില്ലെന്ന് ജനങ്ങളെക്കൊണ്ടു പ്രതിജ്ഞയെടുപ്പിക്കുകയാണ് ഈ പ്രസ്ഥാനത്തിലെ ഒരു ഇനം. തങ്ങൾ സ്ത്രീധനം വാങ്ങുകയില്ലെന്നും, അഴിമതികൾ പ്രവർത്തിക്കുകയില്ലെന്നും പ്രതിജ്ഞചെയ്യുവാൻ യുവജനങ്ങളെ മതാചാര്യന്മാർ നിർബന്ധിക്കും. സ്ത്രീധനമില്ലാതെ, ലളിതമായ സമൂഹവിവാഹങ്ങൾ അവർ സംഘടിപ്പിക്കും. ഈ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ പദയാത്രകളും സമ്മേളനങ്ങളും സമൂഹസദ്യകളും മറ്റും നടത്തണമെന്നും ധർമസംസത്ത് ഉദ്ബോധിപ്പിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ബഹുജനങ്ങളിൽ അധികംപേരും ഇന്നും മതവിശ്വാസികളാണ്. സമൂഹപരിഷ്കരണത്തിനുള്ള ശക്തിയേറിയ ഒരു പ്രസ്ഥാനം മതാചാര്യന്മാർ ഏകോപിച്ചു സംഘടിപ്പിക്കുന്ന പക്ഷം, ഹിന്ദുസമൂഹത്തിൽ അതിനു വലിയ ഫലമുണ്ടാവുമെന്നുവേണം കരുതാൻ.

ഹിന്ദുമതത്തിൽനിന്ന് ഇസ്ലാമിലേക്കും ക്രിസ്തുമതത്തിലേക്കുമുള്ള പരിവർത്തനങ്ങൾ, ഏറെക്കുറെ സംഘടിതമായ രൂപത്തിൽത്തന്നെ, ശതാബ്ദങ്ങളായി ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ പരിവർത്തനശ്രമങ്ങളെ പണം നൽകി പ്രോത്സാഹിപ്പിക്കുന്ന സംഘടനകൾ വിദേശങ്ങളിൽ ധാരാളമുണ്ട്. മതപരിവർത്തനത്തിൻഫലമായി ഹിന്ദുസമൂഹത്തിന് നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന ശൈഥില്യത്തിൽ ഹിന്ദുമതാചാര്യന്മാർ അസ്വസ്ഥരാണെന്നതിൽ അത്ഭുതമില്ല. മതപരിവർത്തനം നിരുത്സാഹപ്പെടുത്തുന്നതിനും, ഹിന്ദുസമൂഹത്തിന്റെ ഭാഗമാണ് തങ്ങളുമെന്ന ബോധം പിൻതള്ളപ്പെട്ട ദരിദ്രവിഭാഗങ്ങളിൽ ഉളവാക്കുന്നതിനുമായി, ഓരോ മതാചാര്യനും ഒരു ജില്ലയെങ്കിലും തെരഞ്ഞെടുത്ത് അവിടെ ക്ഷേമപ്രവർത്തനങ്ങളും ബഹുജന സമ്പർക്ക പരിപാടികളും നടപ്പിൽവരുത്തണമെന്നും, വ്യവസായികളും യുവജനങ്ങളും ഈ പരിപാടികൾക്കു സഹായം നൽകണമെന്നും ധർമസംസത്ത് ഒരു പ്രമേയം മുഖേന ആവശ്യപ്പെട്ടിരിക്കുന്നു.

ആചാരപരിഷ്കരണം, മതബോധപ്രചാരണം എന്നിവ ഉദ്ദേശിച്ചുള്ള ധർമസംസത്തിന്റെ മേല്പറഞ്ഞ രണ്ടു തീരുമാനങ്ങളോടും യോജിപ്പുള്ളവർകൂടി സംസത്ത് കൈക്കൊണ്ട മറ്റു ചില തീരുമാനങ്ങൾ വിവേകരഹിതങ്ങളായിപ്പോയി എന്ന് അഭിപ്രായപ്പെടാൻ ഇടയുണ്ട്. ഉത്തരപ്രദേശിൽ അയോധ്യയിലുള്ള രാമജന്മഭൂമി, മധുരയിലുള്ള കൃഷ്ണജന്മഭൂമി കാശിയിലുള്ള വിശ്വനാഥക്ഷേത്രം എന്നിവയുടെ വിമോചനം സംബന്ധിച്ച ധർമസംസത്തിന്റെ പ്രമേയം ഇങ്ങനെ അഭിപ്രായവ്യത്യാസത്തിനു വകയുള്ള ഒന്നാണ്. അയോധ്യയിൽ ശ്രീരാമൻ പിറന്ന കൊട്ടാരത്തിന്റെ സ്ഥാനത്ത് നിർമിക്കപ്പെട്ടതെന്നു വിശ്വസിക്കപ്പെട്ടിരുന്ന ക്ഷേത്രം പതിനാറാം ശതകത്തിൽ മുഗൾസാമ്രാജ്യസ്ഥാപകനായ ബാബർ നശിപ്പിക്കുകയും അവിടെ ഒരു പള്ളി പണിയുകയുംചെയ്തു. ഈ പള്ളിക്കു പുറത്ത് ശ്രീരാമവിഗ്രഹം പ്രതിഷ്ഠിച്ച് ആരാധിച്ചുകൊള്ളുവാൻ ബാബറിന്റെ പൗത്രനായ അക്ബർ പിന്നീടു ഹിന്ദുക്കൾക്ക് അനുവാദം നൽകി. സ്വാതന്ത്ര്യലബ്ധിക്കുശേഷം, 1948 മുതൽ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് കോടതിയിൽ കേസ്സ് നടന്നുകൊണ്ടിരിക്കുകയാണെന്ന പേരിൽ, ഈ പ്രദേശത്തേക്കു പൊതുജനങ്ങൾക്ക് പ്രവേശം നിരോധിച്ചിരിക്കയാണ്. ഇപ്പോൾ മതകർമങ്ങൾ ഒന്നും നടക്കാത്ത ബാബറുടെ പള്ളി (ബാബറീ മസ്ജിദ്) തങ്ങൾക്കു വിട്ടുകിട്ടണമെന്ന് ഹിന്ദുക്കൾ ആവശ്യപ്പെടുന്നു. മുസ്ലീങ്ങൾ ഈ ആവശ്യത്തിന് ഇനിയും വഴങ്ങിയിട്ടില്ല. രാമജന്മഭൂമിയുടെ മോചനം ഉദ്ദേശിച്ചുള്ള ഒരു ബഹുജനപ്രസ്ഥാനം ഈ പ്രദേശത്ത് ഏതാനും വർഷങ്ങളായി നടന്നുകൊണ്ടിരിക്കുകയാണ്.

അടുത്ത മഹാശിവരാത്രിക്കുമുമ്പ് ഈ പ്രശ്നത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകാത്തപക്ഷം, 1986 മാർച്ച് 9 (ശിവരാത്രി മുതൽ) ഏപ്രിൽ 18 (രാമനവമി) വരെ ഇന്ത്യയിലെ വ്യത്യസ്ത ഭാഗങ്ങളിൽ, മതാചാര്യന്മാരുടെ നേതൃത്വത്തിൽ, സത്യാഗ്രഹം നടത്തുവാൻ ധർമസംസത്ത് തീരുമാനിച്ചിരിക്കുന്നു. ശ്രീരാമ ജന്മഭൂമിയിലേക്കു ബഹുജനങ്ങളുടെ ഒരു വമ്പിച്ച സംഘയാത്രയായിരിക്കും ഈ സമരത്തിന്റെ മറ്റൊരു ഘടകം. ജനസമൂഹം പൂട്ടുപൊളിച്ച് രാമജന്മഭൂമിയിൽ കടക്കണമെന്നാണു തീരു

മഠനം. ഈ പ്രസ്ഥാനത്തിൽ ജീവൻ ത്യജിക്കാനും ചില മതാചാര്യന്മാർ സന്നദ്ധരായിട്ടുണ്ടെന്നു കാണുന്നു.

അയോധ്യയിലെ രാമജന്മഭൂമിയുടെ സ്ഥിതിതന്നെയാണ് മധുരയിലെ കൃഷ്ണജന്മഭൂമിക്കും കാശിയിലെ വിശ്വനാഥക്ഷേത്രത്തിനുമുള്ളത്. മധുരയിൽ ശ്രീകൃഷ്ണൻ പിറന്ന ജയിലിന്റെ സ്ഥാനത്തു നിർമ്മിക്കപ്പെട്ട ക്ഷേത്രം മുഗൾകാലഘട്ടത്തിൽ പള്ളിയായി മാററപ്പെട്ടു. കാശിയിലെ അതിപുരാതനമായ വിശ്വനാഥക്ഷേത്രത്തിന്റെ സ്ഥാനത്ത് ഔറംഗസേബ് പണിയിച്ച പള്ളി ഇപ്പോഴുമുണ്ട്. തൊട്ടടുത്ത് റാണി അഹല്യാബായി പിൽക്കാലത്തു പണിയിപ്പിച്ചതാണ് ഇപ്പോഴുള്ള വിശ്വനാഥക്ഷേത്രം.

ഈ ആരാധനാമന്ദിരങ്ങൾ ആരുടെ കയ്യിലിരിക്കണമെന്ന കാര്യം അതാതു പ്രദേശങ്ങളിലെ ഹിന്ദുക്കളും മുസ്ലീങ്ങളും സൗജന്യബുദ്ധിയോടെ സഹകരിച്ചു തീരുമാനിക്കേണ്ടിയിരിക്കുന്നു. മതനിരപേക്ഷതയിലൂന്നിയ ഇന്ത്യാഗവണ്മെൻറിനെ ഈ പ്രശ്നത്തിൽ ഒരു തീരുമാനമുണ്ടാക്കി നടപ്പിൽവരുത്തുവാൻ നിർബന്ധിക്കുന്നതു ശരിയായിരിക്കുകയില്ല. ജനങ്ങളുടെ ബലപ്രയോഗത്തിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതാകട്ടെ തീരെ നിർഭാഗ്യകരമായിരിക്കുകയുംചെയ്യും. അതിനാൽ രാമജന്മഭൂമി സംബന്ധിച്ച ഉഡുപ്പി ധർമസംസത്തിന്റെ നിർഭാഗ്യകരമായ തീരുമാനത്തെപ്പററി ധർമാചാര്യന്മാർ ഒരു പുനശ്ചിന്തനം നടത്തുകയും, ഏററുമുട്ടലിന്റെ മാർഗം നിശേഷം വർജിക്കുകയും വേണം.

ധർമസംസത്ത് ഉദ്ഘാടനംചെയ്തുകൊണ്ട്, വിശ്വഹിന്ദുപരിഷത്തിന്റെ സ്ഥാപക-അധ്യക്ഷനായ സ്വാമി ചിന്മയാനന്ദജി ചെയ്ത പ്രസംഗവും അഭിപ്രായഭേദം ഉണർത്തുന്ന ഒന്നാണ്. ഹിന്ദുസമൂഹം ഇന്നൊരു വിഷമസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണെന്ന് സ്വാമിജി പറഞ്ഞു. ഇന്ത്യയിൽ ഒരു 'ധാർമിക' സർക്കാർ ഉണ്ടായാൽമാത്രമേ ഹിന്ദുസമൂഹത്തിന്റെ ദുർദശ പരിഹരിക്കപ്പെടുകയുള്ള എന്നാണ് സ്വാമിജിയുടെ അഭിപ്രായം. 'മതനിരപേക്ഷത' എന്ന ഭരണഘടനയുടെ ആധാരതത്ത്വത്തെ ഉപയോഗപ്പെടുത്തി ന്യൂനപക്ഷങ്ങൾ ഹിന്ദുക്കളുടെ അവകാശങ്ങളെ ഇന്ത്യയിൽ ധ്വംസിച്ചുകൊണ്ടിരിക്കുകയാണെന്നും, ജനസംഖ്യയിൽ എൺപതു ശതമാനംവരുന്ന ഹിന്ദുക്കളുടെ ശബ്ദം പുറത്തു കേൾക്കാനേ ഇല്ലെന്നും സ്വാമിജി കരുതുന്നു. തങ്ങളുടെ താത്പര്യം സംരക്ഷിക്കുന്ന ഗവണ്മെൻറുകളെ ഹിന്ദുക്കൾ തെരഞ്ഞെടുക്കുകയാണ് ഇതിനൊരു പ്രതിവിധിയായി സ്വാമിജി നിർദേശിക്കുന്നതു്. ഹിന്ദുക്കൾ ഒരു 'വോട്ടുബാങ്ക്' ആയി മാറണം; ഹിന്ദുമത സംരക്ഷകർക്ക്, അവർക്കുമാത്രം, ഹിന്ദുക്കൾ വോട്ടു കൊടുക്കണം! ന്യൂനപക്ഷങ്ങളോട് ഹിന്ദുക്കൾ സഹിഷ്ണുത പുലർത്തുകയും എല്ലാവർക്കും മതസ്വാതന്ത്ര്യം ഉറപ്പു വരുത്തുകയും വേണം; പക്ഷേ, ഹിന്ദുതാത്പര്യങ്ങൾ (അവതന്നെയാണ് ദേശീയതാത്പര്യങ്ങളും) സംരക്ഷിക്കുന്നതിലാവണം ഊന്നൽ എന്ന് സ്വാമിജി പറയുന്നു.

ഇന്ത്യ(ഹിന്ദുസമൂഹവും)അധഃപതനത്തിന്റെ ചെളിക്കുണ്ടിൽ ആണ്ടു കിടന്നിരുന്ന ശതാബ്ദങ്ങളിലും, 'ധർമാചാര്യ'ന്മാരുടെ വലിയ ഒരു സമൂഹം ഈ നാട്ടിൽ നിലനിന്നിരുന്നു. ബുദ്ധനേയും ശ്രീശങ്കരനേയും വിവേകാനന്ദനേയുംപോലെയുള്ള മഹാപുരുഷന്മാരെ ആകർഷിച്ച സന്ന്യാസാദർശം ഇന്ത്യയിൽ ഒരിക്കലും ദുർബലമായിരുന്നിട്ടില്ല. ഈ സന്ന്യാസികളിൽ പ്രശസ്തരായവർ പൊതുവെ ഭരണകാര്യങ്ങളിൽ ഇടപെടാതെ, എങ്കിലും ഭരണാധികൃതർ നൽകുന്ന ആദര—സമ്മാനങ്ങളും സൗജന്യങ്ങളും ഉപയോഗപ്പെടുത്തി, തങ്ങളുടെ ആധ്യാത്മികദൗത്യം നിർവഹിക്കുകയാണ് എന്നും ചെയ്തുപോന്നിട്ടുള്ളതു്. സന്ന്യാസത്തിൽ

നിന്നു ലഭിക്കുന്ന പ്രത്യേക സൗകര്യങ്ങൾ കൈവശപ്പെടുത്തി അദ്ധ്വാനിക്കാതെ നിത്യവൃത്തി കഴിച്ചുകൂട്ടിപ്പോന്നവരായിരുന്നു, എല്ലാകാലത്തും സന്ന്യാസിമാരിൽ വളരെ വലിയ ഒരു വിഭാഗം. ശങ്കരാചാര്യർ ഈ നാമമാത്ര സന്ന്യാസിമാരെ ഇങ്ങനെ ചിത്രീകരിക്കുന്നു:

ജടിലീ മുണ്ഡീ ലുഞ്ചിത കേശഃ
കാഷായാംബര ബഹുകൃതവേഷഃ
പശ്യന്നപി ചന പശ്യതി മൂഢഃ
ഉദര നിമിത്തം ബഹുകൃതവേഷഃ

(ജട വളർത്തിയവർ, തല മൊട്ടയടിച്ചവർ, രോമം പിഴുതുകളഞ്ഞവർ, കാവിവസ്ത്രംകൊണ്ടു പലമാതിരി വേഷം കെട്ടിയവർ—ഇവരൊന്നും കണ്ടിട്ടും കാണുന്നില്ല; ഇവരുടെ പലതരം വേഷംകെട്ടൽ വയററുപിഴപ്പിനുവേണ്ടി മാത്രമുള്ളതാണ്.)

അകർമ്മണ്യതയിൽനിന്നു് ഈ നാമമാത്രസന്ന്യാസിപ്പടയെ സമുദ്ധരിച്ച്, സമൂഹസേവനത്തിലേക്ക് അവരെ തിരിച്ചുവിടാൻ പല കാലത്തും പല ശ്രമങ്ങളുമുണ്ടായിട്ടുണ്ട്. ഈ ശ്രമങ്ങളിൽ എടുത്തുപറയേണ്ട ഒന്നാണ് ശ്രീരാമകൃഷ്ണമിഷൻ. 'ഹിന്ദുസമൂഹം തകരുന്ന ഈ ഘട്ടത്തിൽ ധർമാചാര്യന്മാർ അവരുടെ ധ്യാനപീഠങ്ങളിൽനിന്നു് എഴുന്നേററു ജനമദ്ധ്യത്തിലേക്കു വരണം' എന്നു് സ്വാമി ചിന്മയാനന്ദജി സന്ന്യാസിമാരോട് അഭ്യർത്ഥിച്ചാൽ, നമുക്ക് അതു മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ, എഴുന്നേററുവന്ന മതാചാര്യന്മാർ 'ഹിന്ദുവോട്ടുകൾ സംഘടിപ്പിക്കണം' എന്ന അദ്ദേഹത്തിൻെറ ഉപദേശം (ഹിന്ദു, നവംബർ 1) ആപത്ക്കരമായ ഒരു പ്രവണതയെ ആണ് കാണിക്കുന്നതു്.

ഇന്ത്യ ഇന്നു് ഒരു ബഹുമതരാഷ്ട്രമാണ്. എന്നും അതു് അങ്ങനെയായിരിക്കണമെന്നു നാം വിശ്വസിക്കുന്നു. ഇന്ത്യയിൽ ആർക്കും, സദാചാരനിയമങ്ങൾക്കും പൊതു ആരോഗ്യനിയമങ്ങൾക്കും വിധേയമായി സ്വന്തം മതാചാരങ്ങൾ, അന്യർക്കു ബാധകമാവാത്ത വിധത്തിൽ, അനുഷ്ഠിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ഇന്ത്യയിലെ ദൈനംദിന ഭരണവും നീതിന്യായവ്യവസ്ഥയും തികച്ചും മതനിരപേക്ഷമായിരിക്കണം. മതം, ഇന്ത്യൻ ജനാധിപത്യത്തിൽ, ഒരിക്കലും ഒരു നിർണായകശക്തി ആയിക്കൂടാ.

സ്വാമി ചിന്മയാനന്ദജി പറയുന്നതു് ഹിന്ദുമതം ഇന്ത്യയുടെ ഭരണത്തിൽ നിർണായകശക്തിയാവണമെന്നാണെങ്കിൽ, ആ അഭിപ്രായം ഹിന്ദുസമൂഹത്തിനു സ്വീകാര്യമല്ലെന്നു ചൂണ്ടിക്കാട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മതസിദ്ധാന്തങ്ങളുടെ വ്യാഖ്യാനവും വിശദീകരണവും പ്രചാരണവും മതാചാര്യന്മാരുടെ പ്രഥമകർത്തവ്യമാകുന്നു. മതവിശ്വാസികൾക്കിടയിൽ അജ്ഞതമൂലം നിലനിന്നുവരുന്ന അനാചാരങ്ങളും ദുഷിച്ച വഴക്കങ്ങളും നീക്കിക്കളയുന്നതിനും അവർ ബാധ്യസ്ഥരാണ്. ആതുരസേവനരംഗത്തും അവർക്കു പലതും പ്രവർത്തിക്കാനുണ്ട്. ഈ പരിധി വിട്ട്, വോട്ടുബാങ്കുകൾ കെട്ടിപ്പടുക്കാനും തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ സഹായിക്കാനും ഇറങ്ങിത്തിരിക്കുമ്പോൾ മതാചാര്യന്മാർ പൊതുജനങ്ങൾക്കിടയിൽ പരമ്പരയാ അവർക്കു കൈവന്ന സ്ഥാനം നഷ്ടപ്പെടുത്തുന്നു. താഴ്ന്ന കിടയിലുള്ള ഒരു പാർട്ടിപ്രവർത്തകൻെറ പദവിയേ വോട്ടുബാങ്ക് കെട്ടിപ്പടുക്കുന്ന ഒരു സന്ന്യാസി അർഹിക്കുന്നുള്ളു. ആദ്ധ്യാത്മിക–സാമൂഹ്യസേവനങ്ങളിൽ അതിവിസ്തൃതങ്ങളായ മേഖലകൾ മതാചാര്യന്മാരുടെ കർമശക്തിയുടെ വിനിയോഗത്തിനു് തുറന്നു കിടക്കുന്നുണ്ടല്ലോ. ഫലപുഷ്ടിയുള്ള ആ വയലുകളിൽ വിളയിറക്കുകയാ

ണ് മതാചാര്യന്മാരുടെ കർത്തവ്യം. രാഷ്ട്രീയത്തിന്റെ ഊഷരഭൂമികളിൽ തിക്കിത്തിരക്കി കടന്നുവന്ന് ചെറ്റപ്പുരകൾ കെട്ടി കുടിപാർക്കാനുള്ള നൈമിഷികാകർഷണത്തെ അവർ കുരുന്നിലേ നുള്ളിക്കളയുകതന്നെ വേണം.

3 നവംബർ, 1985

# 54. മത–ജാതി രാഷ്ട്രീയം

'ശരി അത്ത്' കേരളത്തിൽ ചൂടേറിയ ഒരു വിവാദത്തിനു വിഷയം ആയിരിക്കുകയാണല്ലോ. വാസ്തവത്തിൽ, ഇപ്പോൾ നടക്കുന്ന വിവാദം ശരി അത്തിനെപ്പറ്റിയല്ല; ബ്രിട്ടീഷ് ഗവണ്മെന്റ് ഇന്ത്യയിൽ നടപ്പിൽ വരുത്തിയ മുസ്ലീം വ്യക്തിനിയമത്തെപ്പറ്റിയാണ്. വിശുദ്ധ ഖുറാൻപോലെ എന്നെന്നും മാറ്റമില്ലാതെ നിലനിൽക്കുകയും അനുസരിക്കപ്പെടുകയും ചെയ്യേണ്ട ഒന്നാണോ ബ്രിട്ടീഷുകാർ ഇന്ത്യയിലെ മുസ്ലീങ്ങൾക്കു സമ്മാനിച്ച വ്യക്തിനിയമം? ഉദ്ബുദ്ധരായ ഇന്ത്യൻമുസ്ലീങ്ങൾ ഈ ചോദ്യം ഉയർത്തുകയും അതിനു യുക്തിസംഗതമായ ഉത്തരം നൽകുകയും വേണം.

'ഭിന്നിപ്പിച്ചു ഭരിക്കുക' എന്നതു് ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ നയമായിരുന്നു. ഇന്ത്യയിലെ വിഭിന്ന ജനവിഭാഗങ്ങളെ പരസ്പരം ഭിന്നിപ്പിക്കുവാൻ ബ്രിട്ടീഷുകാർ മതത്തെയും ജാതിയെയും സമർത്ഥമായി ഉപയോഗപ്പെടുത്തി. മത അടിസ്ഥാനത്തിലും ജാതി അടിസ്ഥാനത്തിലുമുള്ള സിവിൽ നിയമനിർമാണം ഈ ഭിന്നിപ്പിക്കലിന്റെ ആദ്യനടപടികളിലൊന്നായിരുന്നു. മുസ്ലീങ്ങൾക്കും ഹിന്ദുക്കൾക്കുമായി വെവ്വേറെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാക്കുകയായിരുന്നു മറ്റൊരു ഭിന്നിപ്പിക്കൽ നടപടി. സാധാരണ സ്കൂളുകളിൽനിന്നു വ്യത്യസ്തമായി, അടുത്ത കാലംവരെ മലബാറിൽ 'മാപ്പിള' സ്കൂളുകൾ നിലനിന്നിരുന്നു എന്ന വസ്തുത കേരളീയരിൽ വളരെപ്പേർ ഇപ്പോൾ ഓർമിക്കുന്നുണ്ടാവില്ല. എങ്കിലും ഇന്ത്യാവിഭജനത്തിലേക്കു നയിച്ച മുസ്ലീം ലീഗ് പൊളിറ്റിക്സിന്റെ ഈറ്റില്ലം അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റി ആയിരുന്നു എന്ന് അഭ്യസ്തവിദ്യരായ എല്ലാ ഇന്ത്യാക്കാരും അറിഞ്ഞിരിക്കും.

മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിലുള്ള ഭിന്നിപ്പിക്കൽ ഇന്ത്യയിൽ ഏറ്റവും രൂക്ഷമായതു്, തെരഞ്ഞെടുപ്പുകൾ മത—ജാതി അടിസ്ഥാനത്തിലാക്കുന്നതിനുള്ള ബ്രിട്ടീഷുകാരുടെ നീക്കത്തോടെയാണ്. ഹിന്ദുസമൂഹത്തിലെ 'പട്ടിക'ജാതിക്കാർക്കു് പ്രത്യേക നിയോജകമണ്ഡലങ്ങൾ ഉണ്ടാക്കുന്നതിനുള്ള ബ്രിട്ടീഷ് ഗവണ്മെന്റിന്റെ തീരുമാനം മാറ്റിയെടുക്കുന്നതിന് മഹാത്മാഗാന്ധിക്കു് സ്വന്തം ജീവൻ പണയപ്പെടുത്തി, നീണ്ട ഒരു ഉപവാസം അനുഷ്ഠിക്കേണ്ടിവന്നു. ചില നിയോജകമണ്ഡലങ്ങളിൽ ഹരിജനങ്ങൾ മാത്രമേ സ്ഥാനാർത്ഥികളായി നില്ക്കാവൂ എന്ന വ്യവസ്ഥ—സംവരണം—ഉണ്ടെങ്കിലും, ജാതി–മത അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ് ഒഴിവാക്കിക്കൊണ്ടാണ് സ്വതന്ത്രഭാരതത്തിന്റെ ഭരണഘടന രൂപവത്കരിക്കപ്പെട്ടിട്ടുള്ളതു്. മുസ്ലീമിന്റെ വോട്ട് മുസ്ലീമിന്, 'പട്ടിക'ജാതിക്കാരന്റെ വോട്ട് 'പട്ടിക'ജാതിക്കാരന്, സവർണഹിന്ദുവിന്റെ വോട്ട് സവർണഹിന്ദുവിന്, ക്രിസ്ത്യാനിയുടെ വോട്ട് ക്രിസ്ത്യാനിക്കു്, സിഖിന്റെ വോട്ട് സിഖിന് എന്ന വൈകൃതം നമ്മുടെ ഭരണഘടനാ നിർമാതാക്കൾ ഒഴിവാക്കി.